(ഠ നം എ) & ബി)

DIRECTOR
10 OCT 2014
DEVELOPMENT DEPT

cpo

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് – പ്രത്യേക ഘടക പദ്ധതിക്കായുള്ള കോർപ്പസ് ഫണ്ടിന്റെ മൂന്നിലൊന്ന് തുക ജില്ലകളിൽ വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ. (കൈ) നം. 68/14/പജപവവിവ

തിരുവനന്തപുരം, തീയതി: 18/09//2014

പരാമർശം:- 06/08/2014 ലെ സ.ഉ. (സാധാ) നം. 1301/14/പജ.പവ.വിവ.

**ഉത്തരവ്**

പട്ടികജാതി ഉപ പദ്ധതിയിൽ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്ന പദ്ധതികളിലുള്ള വിടവ് നികത്തുന്നതിനായി, പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ, തുക അനുവദിക്കുന്നതിനുള്ള ശീർഷകമാണ് പട്ടികജാതി വികസനത്തിനായുള്ള കോർപ്പസ് ഫണ്ട് (Corpus Fund for SCP).

2014-15 ബഡ്ജറ്റ് പ്രകാരം കോർപ്പസ് ഫണ്ടിന്റെ മൂന്നിലൊന്ന് തുക ജില്ലാതലത്തിൽ വിനിയോഗിക്കണം എന്നും ഇതിൽ 25 ലക്ഷം രൂപവരെയുള്ള പദ്ധതികളുടെ ഭരണാനുമതി ഉത്തരവ് ജില്ലയിൽ നടപ്പിലാക്കണം എന്നും നിർദ്ദേശിച്ചിരുന്നു. കൂടാതെ ഇത്തരത്തിലുള്ള ഭരണാനുമതി ഉത്തരവ് നൽകുന്നതിന് ജില്ലാതലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ് എന്ന് ബഡ്ജറ്റിൽ പറയുന്നു. ഇപ്രകാരം ജില്ലാതലത്തിൽ ഭരണാനുമതി നൽകുന്നതിനും പദ്ധതികൾ നടപ്പിലാക്കുന്നതിനും മോണിട്ടർ ചെയ്യുന്നതിനുമുള്ള വിശദാംശം ഉൾക്കൊള്ളുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**I. ഏറ്റെടുത്തു നടത്താവുന്ന പ്രവർത്തികൾ**

ജില്ലകൾക്ക് അനുവദിക്കുന്ന ഫണ്ടിൽ നിന്ന് താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് തുക കണ്ടെത്താവുന്നതാണ്. ഇത്തരത്തിൽ ഒരു പദ്ധതിക്ക് പരമാവധി 25 ലക്ഷം രൂപവരെയുള്ള തുകകളുടെ അനുമതി ജില്ലാതലത്തിൽ നൽകേണ്ടതാണ്.

| | | |
|---|---|---|
| 1 | കുടിവെള്ള വിതരണം | പട്ടികവിഭാഗങ്ങൾക്ക് വ്യക്തിഗത കണക്ഷനും ജനറൽ വിഭാഗക്കാർക്ക് ഒന്നോ രണ്ടോ പൊതുടാപ്പും നൽകുന്ന രീതിയിൽ ഫീസിബിലിറ്റി ഗുണഭോക്തൃ ലിസ്റ്റ്, സോഷ്യൽ മാപ്പ് എന്നിവ ഉറപ്പാക്കി പദ്ധതി നടപ്പിലാക്കണം. |
| 2 | ഗതാഗതസൗകര്യ വികസനം | കോളനിക്കുള്ളിലെ റോഡുകൾ, സംരക്ഷണ ഭിത്തി, കലുങ്ക് എന്നിവ മാത്രം. ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ഫീസിബിലിറ്റി ഉറപ്പാക്കി മാത്രം നടപ്പിലാക്കുക. |
| 3 | വൈദ്യുതി വിതരണം | പട്ടികജാതി സങ്കേതങ്ങൾ, ഒറ്റപ്പെട്ട കുടുംബങ്ങൾ, കോളനിക്കുള്ളിലെ വഴി വിളക്കുകൾ എന്നിവ മാത്രം |
| 4 | പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിക്ക് (വിദ്യാഭ്യാസം/ സംസ്കാരം/കായികം ഇടങ്ങിയ) ഉതകുന്ന പ്രോജക്ടുകൾ DIET ന്റെ സഹായത്തോടെ തയ്യാറാക്കി ജില്ലാ സമിതി പരിശോധിച്ച് നിർവ്വഹണം നടത്താവുന്നതാണ്. | |
| 5 | നിലവിൽ പട്ടികജാതി ക്ഷേമത്തിനായി വകുപ്പ്/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ ഏതെങ്കിലും പ്രത്യേക ഘടക പദ്ധതി അടിസ്ഥാനത്തിലുള്ള പ്രോജക്ട് പൂർത്തീകരിക്കുകയും എന്നാൽ | |

AnyScanner

| | | |
|---|---|---|
| [illegible] | ഏതെങ്കിലും കാരണങ്ങളാൽ കമ്മീഷൻ ചെയ്യുവാൻ സാധിക്കാതെ വരികയും ചെയ്തിട്ടുള്ള പ്രോജക്ട് കമ്മീഷൻ ചെയ്യുന്നതിനും ടി തുക വിനിയോഗിക്കാവുന്നതാണ്. | |
| 6 | വിജ്ഞാൻവാടികളുടെ ആവർത്തന ചെലവുകൾ | തുടർന്നുവരുന്ന പദ്ധതി |

ജില്ലാ പ്ലാനിംഗ് ആഫീസറുടെയും ജില്ലാ പട്ടികജാതി വികസന ആഫീസറുടെയും സംയുക്ത പരിശോധന റിപ്പോർട്ടിന്റെയും ഡി.ഡി.ഒ യുടെ ഫീസിബിലിറ്റി റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മാത്രമായിരിക്കും പ്രോജക്ടുകൾ നിർവ്വഹണം നടത്തുവാൻ പരിഗണിക്കപ്പെടുന്നത്. ഏറ്റെടുത്ത് നടത്താവുന്ന പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിരിക്കുന്ന പട്ടികജാതി വികസന വകുപ്പിന്റെ തുടർന്നു വരുന്ന പദ്ധതികൾക്ക് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ അനുവാദത്തോടുകൂടി ജില്ലാതല സമിതി പരിഗണിച്ച് തുക അനുവദിക്കേണ്ടതാണ്.

## II) ജില്ലാ തല സമിതി

ജില്ലാ പ്ലാനിംഗ് ഓഫീസറും, ജില്ലാ പട്ടികജാതി വികസന ഓഫീസറും ചേർന്ന് സമർപ്പിക്കുന്നതും പദ്ധതി നിർവ്വഹണ യോഗ്യമാണെന്നുള്ള പരിശോധനാ റിപ്പോർട്ടിന്റെയും, ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ഫീസിബിലിറ്റി റിപ്പോർട്ടിന്റെയും സോഷ്യൽമാപ്പ്, ഗുണഭോക്തൃ ലിസ്റ്റ് എന്നിവയുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്വം ജില്ലാ കളക്ടർ അദ്ധ്യക്ഷനായ സമിതിയ്ക്കായിരിക്കും. സമിതിയിൽ ജില്ലാ പ്ലാനിംഗ് ഓഫീസർ ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവർ ഔദ്യോഗിക അംഗങ്ങളായിരിക്കും.

## III) പദ്ധതി ആസൂത്രണം

ജില്ലാ കളക്ടർ അദ്ധ്യക്ഷനും ജില്ലാ പ്ലാനിംഗ് ഓഫീസർ, (കോർഡിനേറ്റർ) ജില്ലാ പട്ടികജാതി വികസന ഓഫീസർ (കൺവീനർ) എന്നിവർ അംഗങ്ങളുമായ കമ്മിറ്റി പ്രോജക്ടുകൾ പരിശോധിക്കുകയും മുൻഗണനാക്രമം നിശ്ചയിക്കുകയും ചെയ്യുന്നു. തിരഞ്ഞെടുക്കപ്പെടുന്ന പദ്ധതികളുടെ ഫീസിബിലിറ്റി ജില്ലാ പട്ടികജാതി വികസന ആഫീസർ കമ്മിറ്റിയിൽ സമർപ്പിക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം കമ്മിറ്റി മുൻഗണനാ ക്രമം നിശ്ചയിക്കേണ്ടതുമാണ്. KSEB, KWA തുടങ്ങിയ ഏജൻസികളെയും പദ്ധതി നിർവ്വഹണത്തിനായി പരിഗണിക്കാവുന്നതാണ്. ജില്ലാതല സമിതി അംഗീകരിച്ച മുൻഗണനാക്രമത്തിലുള്ള പ്രോജക്ടുകൾക്ക് ഭരണാനുമതി ഉത്തരവ് കൺവീനർ തയ്യാറാക്കി ജില്ലാ പ്ലാനിംഗ് ആഫീസർ മുഖേന ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്. നിർമ്മാണ പ്രവർത്തനങ്ങളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എൽ.എസ്.ജി.ഡി(ബ്ലോക്ക് പഞ്ചായത്ത്)/മുനിസിപ്പൽ എഞ്ചിനീയർ/കോർപ്പറേഷൻ എഞ്ചിനീയർ ആയിരിക്കും. നിർമ്മാണേതര പ്രവർത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥർ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ ബന്ധപ്പെട്ട മേഖലയിലെ ഉദ്യോഗസ്ഥർ/വികസനവകുപ്പുതല ഉദ്യോഗസ്ഥൻ ആയിരിക്കണം. നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ഭരണാനുമതി ഉത്തരവ് നൽകേണ്ടതാണ്. ഏറ്റെടുത്ത് നടത്താവുന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പട്ടികജാതി വികസന വകുപ്പിന്റെ തുടർന്നു വരുന്ന പദ്ധതികൾക്ക് ഡയറക്ടറുടെ അനുവാദത്തോടുകൂടി ജില്ലാതല സമിതിയിൽവച്ച് തുക അനുവദിക്കേണ്ടതാണ്. സാങ്കേതിക അനുമതി ആവശ്യമായ പ്രോജക്ടുകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ സാങ്കേതിക അനുമതി ലഭ്യമാക്കി നടപടി ക്രമം പാലിച്ച് പ്രോജക്ട് നിർവ്വഹണം നടത്തേണ്ടതാണ്. ജില്ലാതല കമ്മിറ്റി പ്രോജക്ട് നിർവ്വഹണം, മോണിട്ടറിംഗ് എന്നിവ നടത്തേണ്ടതും നിർവ്വഹണത്തിന് തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ സമയാസമയം ഇടപെടുകയും പരിഹരിക്കുകയും ചെയ്യേണ്ടതാണ്. പദ്ധതികളുടെ പുരോഗതി റിപ്പോർട്ടുകൾ ജില്ലാ പട്ടികജാതി വികസന ഓഫീസർ എല്ലാ മാസവും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്. പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ എല്ലാ മാസവും പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതി വിനിയോഗപുരോഗതി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുമ്പോൾ, കോർപ്പസ് ഫണ്ട് വിനിയോഗത്തിനുള്ള ജില്ലാതല സമിതി അംഗീകരിച്ച് ഭരണാനുമതി നൽകിയ പ്രോജക്ടുകളുടെ സാമ്പത്തികവും ഭൗതികവുമായ പുരോഗതി റിപ്പോർട്ടും ലഭ്യമാക്കേണ്ടതാണ്.

## IV) കമ്മിറ്റി യോഗം ചേരേണ്ട ക്രമം

ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗിനായി നിശ്ചയിച്ചിട്ടുള്ള ഈ കമ്മിറ്റി എല്ലാ മാസവും ഒരിക്കൽ എങ്കിലും യോഗം ചേരേണ്ടതും പദ്ധതി ആസൂത്രണം, മോണിട്ടറിംഗ് നിർവ്വഹണ പുരോഗതി എന്നിവ വിലയിരുത്തേണ്ടതുമാണ്. ഇത്തരത്തിൽ ഓരോ മാസവും അംഗീകാരം നൽകുന്ന പദ്ധതികളുടെ വിവരങ്ങൾ ജില്ലാ പട്ടികജാതി വികസന ഓഫീസർ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നൽകേണ്ടതാണ്. നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതും ഈ ജില്ലാതല കമ്മിറ്റിയുടെ ഉത്തരവാദിത്വമാണ്.

## V) പദ്ധതി നിർവ്വഹണത്തിനുള്ള തുക അനുവദിക്കുന്ന രീതി

പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പദ്ധതി നിർവ്വഹണത്തിനുള്ള തുക ജനസംഖ്യാനുപാതികമായി വിഭജിച്ച് ജില്ലകൾക്ക് അനുവദിക്കുന്നതും, ജില്ലാകളക്ടർ അദ്ധ്യക്ഷനായ സമിതി ശുപാർശ ചെയ്ത് ഉത്തരവാകുന്ന പ്രോജക്ടുകൾക്ക് 50% വരെ തുക മുൻകൂർ നൽകാവുന്നതും തുടർന്ന്

...ുതിയുടെ പുരോഗതിക്കനുസരിച്ച് വർക്ക്ബിൽ പ്രകാരം തുക അനുവദിക്കാവുന്നതാണ്. അഡ്വാൻസ് തുകയ്ക്കുള്ള പ്രൊപ്പോസൽ/വർക്ക് ബില്ലുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിക്കുന്ന മുറയ്ക്ക് കമ്മിറ്റിയുടെ കൺവീനർ ഫണ്ട് റിലീസിനുള്ള ബന്ധപ്പെട്ട ഫയൽ ജില്ലാപ്ലാനിംഗ് ഓഫീസറുടെ ശുപാർശയോടെ കളക്ടറേറ്റിലെ ഫിനാൻസ് ഓഫീസർ വഴി ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതും ജില്ലാ കളക്ടർ അനുവദനീയമായ തുകയ്ക്കുള്ള അലോട്ട്മെന്റ് ലറ്റർ നിർവ്വഹണ ഉദ്യോഗസ്ഥന് നൽകേണ്ടതാണ്. ട്രഷറി ട്രാൻസാക്ഷൻ ഇല്ലാത്ത ഏജൻസി വഴി നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്ക് ജില്ലാകളക്ടർ അലോട്ട്മെന്റ് ലെറ്റർ ജില്ലാപട്ടികജാതി ഓഫീസർക്ക് നൽകേണ്ടതും അദ്ദേഹം തുക മാറി ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നൽകേണ്ടതാണ്.

വർക്ക്ബില്ലിനോടൊപ്പം ബന്ധപ്പെട്ട അനുബന്ധരേഖകൾ, M ബുക്ക്, ഫോട്ടോ എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ ആയത് സമിതിയുടെ കൺവീനർക്ക് സമർപ്പിക്കേണ്ടതാണ്. കൺവീനർ പരിശോധന റിപ്പോർട്ട് സഹിതം കോ ഓർഡിനേറ്റർ വഴി കരട് ഉത്തരവ് ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതും, ബന്ധപ്പെട്ട Finance Officer, Allotment letter നിർവ്വഹണ ഉദ്യോഗസ്ഥന് നൽകേണ്ടതുമാണ്. ജില്ലാപ്ലാനിംഗ് ഓഫീസർ/ജില്ലാപട്ടികജാതിവികസന ഓഫീസർ എന്നിവർ സംയുക്തമായി വർക്ക് പരിശോധിച്ച് ശുപാർശ സഹിതം ആയിരിക്കണം ഫണ്ട് റിലീസിനുള്ള ഫയൽ ജില്ലാകളക്ടർക്ക് സമർപ്പിക്കേണ്ടത്. ജില്ലാ പട്ടികജാതി വികസന ഓഫീസർ ക്രിട്ടിക്കൽഗ്യാപ്പ് ഫില്ലിംഗ് സംബന്ധിച്ച് അസറ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആവശ്യമായ സന്ദർഭങ്ങളിൽ ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതുമാണ്. ഫൈനൽ ബില്ലിനോടൊപ്പം വർക്ക് പൂർത്തികരണ സർട്ടിഫിക്കറ്റ്/വിനിയോഗ സർട്ടിഫിക്കറ്റ്/കമ്മീഷനിംഗ് സർട്ടിഫിക്കറ്റ് എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ ആയത് കൺവീനർക്ക് സമർപ്പിക്കേണ്ടതാണ്. (പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അസറ്റ് രജിസ്റ്റർ തയ്യാറാക്കി എല്ലാ ജില്ലകളിലും വിതരണം നടത്തേണ്ടതാണ്).

ജില്ലാതലത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ പ്രാരംഭ പ്രവർത്തനങ്ങൾക്കായി (കമ്പ്യൂട്ടർ, പ്രിന്റർ, ആഫീസ് സ്റ്റേഷനറി, മീറ്റിംഗ് ചെലവ്, ആഡിറ്റ് ഫീസ്, ആവർത്തന/അനാവർത്തന ചെലവുകൾ മുതലായവ) 1.50 ലക്ഷം രൂപ വരെ ജില്ലയ്ക്ക് അനുവദിക്കുന്ന തുകയിൽ നിന്നും ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് ഉപയോഗിക്കാവുന്നതാണ്. ക്രിട്ടിക്കൽ ഗ്യാപ്പ്ഫില്ലിംഗ് പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ അതാതു സാമ്പത്തികവർഷം തന്നെ പൂർത്തിയാക്കി കമ്മീഷൻ ചെയ്യേണ്ടതാണ്. വ്യക്തിഗത ആനുകൂല്യങ്ങളും വൈദഗ്ധ്യ പരിശീലന പരിപാടികളും ഈ പദ്ധതിയുടെ ഭാഗമായി നിർവ്വഹണം നടത്തുവാൻ പാടുള്ളതല്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ഡോ. ആഷാ തോമസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( G & S) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E & R) കേരള, തിരുവനന്തപുരം
ധനകാര്യവകുപ്പ് (വെൽഫെയർ വിംഗ്)
ചീഫ്, വികേന്ദ്രിത ആസൂത്രണ വിഭാഗം, ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
കരുതൽ ഫയൽ /ഓഫീസ് പകർപ്പ്

പകർപ്പ് :- പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സ്
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ

**ഉത്തരവിൻ പ്രകാരം,**

Sali KJ

**സെക്ഷൻ ഓഫീസർ.**

AnyScanner